ജി(4)66709/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.08.5.2019

**<u>സർക്കുലർ നമ്പർ 19 /2019</u>**

വിഷയം- സഹകരണ വകുപ്പ്- **<u>ഹരിതം സഹകരണം 2019</u>**- നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

പരാമർശം- സർക്കുലർ നം.30/2018

*****

**<u>ഹരിതം സഹകരണം</u>**

കേരള സർക്കാർ തുടക്കം കുറിച്ച **<u>ഹരിത കേരളം</u>** പദ്ധതിയ്ക്ക് പിന്തുണ നൽകികൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷതൈകൾ നട്ടുവളർത്തുകയെന്ന ദൗത്യം 2017 ൽ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തുകയുണ്ടായി. **"ഹരിതം സഹകരണം"** എന്ന പേരിൽ നടത്തിയ ഈ പദ്ധതി വലിയ വിജയമായിരുന്നു. അതിന്റെ തുടർച്ചയായി 2018 മുതൽ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി **<u>"ഹരിതം സഹകരണം"</u>** പദ്ധതി വിപുലമായ ആശയത്തോടെ നടപ്പിലാക്കി വരികയാണ്. കേരളത്തിന്റെ പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി **5 വർഷംകൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ച് പിടിപ്പിക്കുക**യെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. "Theme Trees of Kerala"എന്ന പേരിൽ ആവിഷ്ക്കരിച്ച ഈ പദ്ധതിയിലൂടെ **പ്ലാവ്, കശുമാവ്, തെങ്ങ്, മാവ്, പുളി** എന്നീ മരങ്ങളാണ് വെച്ച് പിടിപ്പിക്കുന്നതിന് തീരുമാനിച്ചത്. ഈ വൃക്ഷങ്ങളൊക്കെത്തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രിയപ്പെട്ടവയാണ്.

ടി പദ്ധതി പ്രകാരം 2019 ൽ **കശുമാവ്** ആണ് വച്ച് പിടിപ്പിക്കേണ്ടത്. കേരളത്തിലെ പരമ്പാഗത വ്യവസായ മേഖലയിലെ ശക്തമായ സാന്നദ്ധ്യമാണ് കശുവണ്ടി വ്യവസായം. ആവശ്യമായ വിഭവങ്ങൾ ലഭ്യമല്ലാത്തതിന്റെ പേരിൽ ഈ വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. അതിനുള്ള ശാശ്വത പരിഹാരം തദ്ദേശീയമായി തന്നെ ഇവ ഉൽപ്പാദിപ്പിക്കുകയെന്നുള്ളതാണ്. ഒരു കാലത്ത് കേരളത്തിൽ വ്യാപകമായിരുന്ന കശുവാവ് കൃഷി തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞാൽ ഇതിനൊരു പരിഹാരമാകും. സുലഭമായി കശുവണ്ടി ലഭ്യമാക്കിയാൽ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കാനാകും. സഹകരണ മേഖലയിലെ തന്നെ കശുവണ്ടി സഹകരണ സംഘങ്ങളെ ശക്തമാക്കാനും ഇത് ഉപകരിക്കും. **<u>ഒരു ലക്ഷം കശുമാവ്</u>** സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ച് പിടിപ്പിക്കുക എന്നതാണ് ഈ വർഷം ലക്ഷ്യമിടുന്നത്. ടി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലോക പരിസ്ഥിതി ദിനമായ ജൂൺ മാസം 5-ാം തീയതി മുതൽ ജൂൺ മാസം 30-ാം തീയതിവരെയുള്ള കാലയളവിൽ ടി പദ്ധതി നടപ്പിലാക്കേണ്ടതാണ്.
2. എല്ലാ സംഘങ്ങളേയും ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കേണ്ടതാണ്.
3. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതു സ്ഥലങ്ങളിലും കശുമാവിൻതൈകൾ നടേണ്ടതാണ്.
4. സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
5. ഓരോ സംഘവും പരമാവധി എണ്ണം വൃക്ഷതൈകൾ വച്ച് പിടിപ്പിക്കേണ്ടതാണ്.
6. പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ സംഘടിപ്പിച്ച് സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ നടത്തേണ്ടതാണ്.
7. കശുമാവിൻ തൈകൾ യഥാസമയം ലഭ്യമാകുന്നതിന് കാസർഗോഡ് ജില്ലയിലെ പനത്തടി എസ്.സി.ബി, കൈയ്യൂർ എസ്.സി.ബി, പ്ലാന്റേഷൻ കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, കൃഷി-വനം വകുപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. പദ്ധതി നടപ്പിലാക്കേണ്ടത് പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം.
9. പദ്ധതിയുടെ പ്രചരണാർത്ഥം ഫ്ലക്സുകളും ബാനറുകളും മറ്റു പരസ്യമാർഗ്ഗങ്ങളും ഉപയോഗിക്കരുത്. പ്രകൃതി സൗഹൃദകരമായ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചായിരിക്കണം പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
10. ടി പരിപാടിയോടനുബന്ധിച്ച് ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്.
11. ഓരോ സഹകരണ സംഘവും ഇതിനായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും സംഘത്തിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ കാലയളവിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒരു ക്ലാസ് സംഘടിപ്പിക്കേണ്ടതുമാണ്.
12. ടി പരിപാടിയോടനുബന്ധിച്ച് സഹകരണ വകുപ്പിൻകീഴിലുള്ള എല്ലാ ആഫീസുകളും പരിസ്ഥിതി സൗഹൃദ ആഫീസുകളായി പ്രഖ്യാപിക്കേണ്ടതുമാണ്.അതോടൊപ്പം എല്ലാ സഹകരണ സംഘങ്ങളും പരിസ്ഥിതി സൗഹൃദ സ്ഥാപനങ്ങളായി പ്രഖ്യാപിക്കണം.
13. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവ് സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും വഹിക്കാവുന്നതും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങൾക്ക് ജില്ലാ തലത്തിൽ അവാർഡുകൾ നൽകാവുന്നതുമാണ്. പൊതു നന്മാഫണ്ട് ഇല്ലാത്ത സംഘങ്ങൾ സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് തുക ചെലവഴിക്കാവുന്നതാണ്.

ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനവും അവലോകനവും നടത്തുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് എല്ലാ മാസവും സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുകയും ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് സഹകരണ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിeditorprorcs@gmail.com എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതുമാണ്. സംഘങ്ങളുടെ ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംഘത്തിന് ക്യാഷ് അവാർഡ് ഉൾപ്പെടെയുള്ള സമ്മാനങ്ങൾ ജില്ലാ തലത്തിൽ വിതരണം ചെയ്യാവുന്നതുമാണ്. പദ്ധതിയ്ക്ക് ആവശ്യമായ ചെലവ് 10000/- രൂപയിൽ അധികരിക്കാതെ പൊതുനന്മാഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. ജില്ല തിരിച്ചുള്ള ടാർജറ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

| ജില്ല | സംഘങ്ങളുടെ എണ്ണം | നടേണ്ട വൃക്ഷതൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 700 | 5000 |
| കൊല്ലം | 800 | 8000 |
| പത്തനംതിട്ട | 700 | 7000 |
| ആലപ്പുഴ | 500 | 5000 |
| കോട്ടയം | 700 | 7000 |
| ഇടുക്കി | 400 | 4000 |
| എറണാകുളം | 800 | 8000 |
| തൃശ്ശൂർ | 700 | 7000 |
| പാലക്കാട് | 800 | 8000 |
| മലപ്പുറം | 900 | 9000 |
| കോഴിക്കോട് | 900 | 9000 |
| വയനാട് | 200 | 3000 |
| കണ്ണൂർ | 1000 | 10000 |
| കാസർഗോഡ് | 300 | 10000 |
| ആകെ | 9400 | 100000 |

ഈ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ജില്ല | സംഘത്തിന്റെ പേര് | നട്ട തൈകളുടെ എണ്ണം | തൈകൾ നട്ട സ്ഥലം | ഇതുമായി ബന്ധപ്പെട്ട് നടത്തിയ ബോധവൽക്കരണ പരിപാടികൾ/ ചർച്ചാ ക്ലാസ്സുകൾ എന്നിവയുടെ വിവരങ്ങൾ | ഇതുമായി ബന്ധപ്പെട്ട മറ്റ് പരിപാടികൾ |
|---|---|---|---|---|---|
| | | | | | |

(ഒപ്പ്)

എസ്.ഷാനവാസ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. ആഡിറ്റ് ഡയറക്ടർ,സഹകരണആഡിറ്റ് ഡയറക്ടേറ്റ്
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ(ആഡിറ്റ്) മുഖേന)
5. എഡിറ്റർ, സഹകരണ വീഥി
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)